I ഇ.ബി. XIV-കേരള നിയമസഭ/XVI-14

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 14, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I റൂളിംഗ്

ചോദ്യങ്ങളുടെ എഡിറ്റിംഗ് സംബന്ധിച്ച പരാതി

മി. സ്പീക്കർ: 2019 ഒക്ടോബർ 31-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 91-ാം നമ്പർ ചോദ്യം അഡിറ്റ് ചെയ്തിട്ടുള്ളത് ചട്ടം 36(2)(സി)-യിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്നാണ് ശ്രീ. സണ്ണി ജോസഫ് ഉന്നയിച്ചിരിക്കുന്നത്. പ്രസ്തുത ചോദ്യം നോട്ടീസിൽ ഒന്നാം പിരിവിലെ ആദ്യഭാഗം എഡിറ്റ് ചെയ്ത്

ഒഴിവാക്കാമായിരുന്നു. ചോദ്യങ്ങളുടെ സാരാംശത്തിൽ മാറ്റം വരാതെ ചട്ടങ്ങളിലെ വ്യവസ്ഥയ്ക്ക് വിധേയമായി ആവശ്യമായ എഡിറ്റിംഗ് നടത്തേണ്ടതാണെന്നും ഭാവിയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എഡിറ്റിംഗ് നടത്തിയാലും പരാതികൾ ഉയർന്നുവരാറുള്ളതിനാൽ കേരള നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് നോട്ടീസുകൾ നൽകാത്തപക്ഷം ചട്ടം അനുശാസിക്കുംപ്രകാരം എഡിറ്റിംഗിന് വിധേയമാക്കുന്നതാണ്. ഇപ്പോൾ നക്ഷത്രചിഹ്നമിട്ട രണ്ടോ, മൂന്നോ ചോദ്യങ്ങളാണ് മറുപടി പറയാനായി സഭാതലത്തിൽ വരുന്നത്. ഉപചോദ്യങ്ങൾക്ക് അവസരം കിട്ടുന്ന അംഗങ്ങൾ ചട്ടങ്ങൾ അനുശാസിക്കുന്നതിൽനിന്ന് വ്യത്യസ്തമായും ചെയറിന്റെ നിർദ്ദേശത്തിന് വിരുദ്ധമായും പ്രസ്താവനകൾ നടത്താൻ സമയമെടുക്കുന്നത് സഭയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ നേരിട്ട് മറുപടി പറയുന്ന ചോദ്യങ്ങളുടെ എണ്ണം കുറയ്ക്കുകയും ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള മറ്റംഗങ്ങളുടെ അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഉപചോദ്യങ്ങൾ ഉന്നയിക്കുന്ന അംഗങ്ങളും മറുപടി

പറയുന്ന മന്ത്രിമാരും മിതത്വം പാലിച്ച് എല്ലാ അംഗങ്ങൾക്കും അവസരം ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും സഭയിൽ ചർച്ച ചെയ്യപ്പെടുന്ന ചോദ്യങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ സഹകരിക്കുകയും ചെയ്യണം.

## II അടിയന്തരപ്രമേയം

കെ. എസ്. ആർ. ടി. സി.-യിലെ പ്രതിസന്ധി

മി. സ്പീക്കർ: സർക്കാരിന്റെയും കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെയും കെടുകാര്യസ്ഥതയും പിടിപ്പുകേടുംമൂലം കെ.എസ്.ആർ.ടി.സി. ജീവനക്കാർ നേരിടുന്ന പ്രതിസന്ധിയും ബസ് സർവ്വീസുകൾ മുടങ്ങുന്നതുകാരണം ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധിമൂലം ചില ഘട്ടങ്ങളിൽ പെൻഷനും പൂർണ്ണമായി ശമ്പളവും നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുക, ചെലവ് ചുരുക്കുക, സർക്കാർ സാമ്പത്തിക

സഹായം കൂടുതലായി ലഭ്യമാക്കുക എന്നിവയിലൂടെ ഇവ പരിഹരിക്കാവുന്നതാണ്. സർക്കാർ ഓരോ വർഷവും നൽകുന്ന 1000 കോടി രൂപയിൽ 5 കോടിയോളം രൂപ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മറ്റാവശ്യങ്ങൾക്ക് ചെലവഴിക്കേണ്ടിവന്നതാണ് ഇപ്പോഴുണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിട്ടതിനെത്തുടർന്ന് സർവ്വീസുകൾ നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്. പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സമയബന്ധിതമായി ശമ്പളവും പെൻഷനും നൽകാതെയും സർവ്വീസുകൾ വെട്ടിക്കുറച്ചതും കാരണം വിദ്യാർത്ഥികളും സാധാരണക്കാരും യാത്രാക്ലേശം അനുഭവിക്കുകയാണ്. പെൻഷൻ മുടങ്ങിയതിന്റെ പേരിൽ നിരവധിപേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളവും പെൻഷനാനുകൂല്യങ്ങളും നിലച്ചുപോയതുൾപ്പെടെ കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ചെലവ് ചുരുക്കിയും

വരുമാനം വർദ്ധിപ്പിച്ചും കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനാണ് ശ്രമിക്കുന്നത്. സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി ബസ് - സ്റ്റാഫ് അനുപാതം കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പെൻഷൻ കുടിശ്ശിക സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, സി. എഫ്. തോമസ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) ആയുർവ്വേദ ചികിത്സാ സമ്പ്രദായം

ശ്രീ. സി. കെ. നാണു: ആയുർവ്വേദ മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും ചികിത്സാ സൗകര്യങ്ങൾ, അദ്ധ്യാപകരുടെയും

ഫാർമസിസ്റ്റുകളുടെയും എണ്ണം, ഡോക്ടർമാരുടെ ഉപരിപഠന സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും താളിയോല ഗ്രന്ഥങ്ങൾ ആധാരമാക്കിയുള്ള ആയുർവ്വേദ ചികിത്സ വ്യാപകമാക്കുന്നതിനും കടലോര ടൂറിസ്റ്റ് കേന്ദ്രങ്ങളെ ആകർഷകമാക്കുന്നതിനും വനാതിർത്തികളിൽ ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവ്വേദ ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. ആയുർവ്വേദ വകുപ്പിന് കീഴിൽ 61 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികളെ എൻ.എ.ബി.എച്ച്. നിലവാരത്തിലേയ്ക്കുയർത്തുന്നതിനും മാനസികാരോഗ്യ ചികിത്സയ്ക്ക് ഊന്നൽ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ ആയുർവ്വേദ മെഡിക്കൽ കോളേജിൽ 50 ബെഡ്ഡുകളുള്ള മാനസികാരോഗ്യ ആശുപത്രിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇടുക്കിയിൽ ഒരു പുതിയ ആയുർവ്വേദ കോളേജ് സ്ഥാപിക്കുന്നതിനും പൂജപ്പുര ആയുർവ്വേദ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും

ജെറിയാട്രിക് കെയർ സെന്റർ, പാരാസർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഒഫ്ത്താൽമോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ അന്താരാഷ്ട്ര ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) വന്യജീവി ആക്രമണം

ശ്രീ. സണ്ണി ജോസഫ്: ജനവാസകേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും ഉൾപ്രദേശങ്ങളിലും വന്യജീവി ആക്രമണംമൂലം പരിക്കുപറ്റിയവരുടെയും ജീവനും സ്വത്തും നഷ്ടപ്പെട്ടവരുടെയും എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വന്യജീവി ആക്രമണം തടയാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ ഫലപ്രദമല്ല. ഇതിനായി പദ്ധതികൾ രൂപീകരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും തുക അനുവദിക്കാത്തത് പ്രതിഷേധാർഹമാണ്. വന്യജീവി ആക്രമണം തടയുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വനാതിർത്തി പങ്കിടുന്ന ജില്ലകളിലെ ജനപ്രതിനിധികളുടെ അടിയന്തരയോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വനാതിർത്തികളിൽ താമസിക്കുന്ന ജനങ്ങളെ വന്യജീവി

ആക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 10 ജില്ലകളിൽ വനം അദാലത്തുകൾ സംഘടിപ്പിച്ച് 2250 പരാതികൾ പരിഹരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതാണ്. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിലേയ്ക്ക് വിടുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയും വാഹനം അനുവദിക്കുകയും ആയുധങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയുമാണ്. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതും കിഫ്ബിയിലൂടെയും റീബിൽഡ് കേരള പദ്ധതി വഴിയും കൂടുതൽ തുക അനുവദിക്കുന്നതുമാണ്. ആറളം ഫാമിലെ വന്യജീവി ആക്രമണം തടയുന്നതിനും പശ്ചാത്തലവികസനത്തിനുമായി നബാർഡ് സഹായത്തോടെയുള്ള വിവിധ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. വനാതിർത്തി പങ്കിടുന്ന ജില്ലകളിൽ വനഭൂമി

കൃഷിയുക്തമാക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗം വിളിക്കുന്നതാണ്.

## IV സബ്മിഷൻ

(1) തയ്യൽത്തൊഴിലാളി ക്ഷേമനിധി

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): തയ്യൽത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങൾക്കുള്ള ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിനും കുടിശ്ശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 2014 മാർച്ച് വരെയുള്ള കുടിശ്ശികത്തുക ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ പെൻഷൻ തുക 1,200 രൂപയായി വർദ്ധിപ്പിക്കുകയും 2019 ആഗസ്റ്റ് വരെയുള്ള തുക പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. തയ്യൽത്തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള തൊഴിലാളികളുടെ അംശദായ തുകയും

തൊഴിലുടമ വിഹിതവും വർദ്ധിപ്പിച്ച് ബോർഡിനെ ശാക്തീകരിക്കാനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ബോർഡിന്റെ ശിപാർശ നടപ്പിലാക്കാനുമാണ് ശ്രമിക്കുന്നത്.

(2) പരിയാരം മെഡിക്കൽ കോളേജ് നവീകരണം

ശ്രീ. റ്റി. വി. രാജേഷ്: പരിയാരം മെഡിക്കൽ കോളേജ് നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പരിയാരം മെഡിക്കൽ കോളേജിന് ഒരു പ്രത്യേക ഹെഡ് ധനകാര്യ വകുപ്പ് അനുവദിക്കുകയും 21,24,64,000 രൂപ പ്രാഥമിക ചെലവിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്നും ലോൺ കിട്ടുന്നതിനാവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(3) ഉഡാൻ പദ്ധതി

ശ്രീ. ടി. വി. ഇബ്രാഹിം: കാലിക്കറ്റ് വിമാനത്താവളത്തെ ഉഡാൻ

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഉഡാൻ പദ്ധതിയിലുൾപ്പെടുത്തി ഡൽഹി-കോഴിക്കോട് റൂട്ടിൽ സർവ്വീസ് നടത്താൻ ഇൻഡിഗോ എയർലൈൻസിനെ കേന്ദ്ര വ്യോമയാന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. ആഭ്യന്തര വിമാന സർവ്വീസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉഡാൻ പദ്ധതിയിൽപ്പെടുത്തി കോഴിക്കോട്-തിരുവനന്തപുരം-കോഴിക്കോട്, കോഴിക്കോട്-പൂന-കോഴിക്കോട് റൂട്ടുകളിൽ സർവ്വീസുകൾ നടത്തുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആലോചിക്കുന്നതായി കോഴിക്കോട് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(4) സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബോൾ അക്കാഡമി

ശ്രീ. എം. ഉമ്മർ: മഞ്ചേരി മുനിസിപ്പാലിറ്റി സ്പോർട്സ് കൗൺസിലിന് കൈമാറിയ സ്ഥലത്ത് നിർമ്മിച്ച സ്റ്റേഡിയത്തിൽ സന്തോഷ് ട്രോഫി ഫൈനൽ റൗണ്ടിലേയ്ക്കുള്ള ടൂർണമെന്റ് നടത്തി അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയമായി ഉയർത്താൻ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): മഞ്ചേരി സ്റ്റേഡിയത്തിന് ലഭ്യമായ സ്ഥലത്ത് മലപ്പുറം ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലാ സ്റ്റേഡിയം പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൽ ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണത്തിനും സ്റ്റേഡിയത്തിന് പുറത്ത് ബാസ്കറ്റ് ബോൾ കോർട്ടുകൾ നിർമ്മിക്കുന്നതിനും ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുമായി പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 4.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(5) നാഷണൽ സീഡ്സ് കോർപ്പറേഷൻ മുഖേനയുള്ള വിത്ത് വിതരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നാഷണൽ സീഡ്സ് കോർപ്പറേഷനിൽനിന്ന് നെൽവിത്ത് ലഭിക്കാത്തതിനെത്തുടർന്ന് പ്രതിസന്ധിയിലായ അപ്പർ കുട്ടനാട്ടിലെ കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): അപ്പർ കുട്ടനാട് ഉൾപ്പെടെയുള്ള കോട്ടയം ജില്ലയിലെ അവശേഷിക്കുന്ന പ്രദേശങ്ങളിൽ ഈ

മാസം 18-ാം തീയതിക്കകം നെൽവിത്ത് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൊയ്ത്ത് സമയത്തുണ്ടായ മഴമൂലം പ്രോസസിംഗിന് കൂടുതൽ സമയം നൽകേണ്ടിവന്നതിനാൽ കൃഷി വകുപ്പ് ഉത്പാദിപ്പിക്കുന്ന നെൽവിത്ത് വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടായെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

## (6) റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രധാന റോഡായ കുറ്റ്യാടി-പക്രംതളം-മാനന്തവാടി ചുരം റോഡ് സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കുറ്റ്യാടി-പക്രംതളം-മാനന്തവാടി ചുരം റോഡിനെ 15 മീറ്ററായി വികസിപ്പിക്കുന്നതിന് ഉടമകൾ ഭൂമി വിട്ടുനൽകിയിട്ടില്ല. ഡ്രെയിനേജ്, സംരക്ഷണഭിത്തി നിർമ്മിക്കൽ, ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ഡിസൈൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗതാഗതയോഗ്യമായ ഈ റോഡിന്റെ അറ്റകുറ്റപ്പണി നടത്താൻ നോൺ-പ്ലാനിൽ 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(7) മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

ശ്രീ. കെ. ജെ. മാക്സി: ചുഴലിക്കാറ്റിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട ഫോർട്ട് കൊച്ചിയുടെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കഴിഞ്ഞ മാസം സംസ്ഥാനത്തുണ്ടായ ചുഴലിക്കാറ്റിലും തീവ്രമഴയിലും കൊച്ചിയുടെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശം സംഭവിച്ചതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. നഷ്ടപരിഹാരം കണക്കാക്കി ഇവാല്വേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അടിയന്തരമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) കരമടി തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. വി. എസ്. ശിവകുമാർ: കടൽത്തീരം നഷ്ടപ്പെട്ടതുമൂലം പൂന്തുറ മുതൽ വേളിവരെയുള്ള തീരപ്രദേശത്തെ തൊഴിൽ നഷ്ടപ്പെട്ട കരമടി തൊഴിലാളികളെ

വിഴിഞ്ഞം പുനരധിവാസ പദ്ധതിയിലുൾപ്പെടുത്താനും തീരം സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): പൂന്തുറ മുതൽ ശംഖുംമുഖം വരെയുള്ള പ്രദേശത്ത് കടൽക്ഷോഭംമൂലം നഷ്ടപ്പെട്ട തീരം വീണ്ടെടുക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെയും ചെന്നൈ എൻ.ഐ.ഒ.ടി.-യുടെ സാങ്കേതിക സഹായത്തോടെയും ഓഫ്ഷോർ ബ്രേക്ക്വാട്ടർ പദ്ധതി നടപ്പാക്കുന്ന പ്രവൃത്തി കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ വഴി പുരോഗമിച്ചുവരികയാണ്. പൂന്തുറ മുതൽ വേളി വരെയുള്ള പ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളിലായി പത്ത് കരമടി വള്ളങ്ങളാണ് ഫിഷറീസ് വകുപ്പിന്റെ കരമടി വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ പ്രദേശങ്ങളിലെ കരമടി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## (9) പ്രത്യേക സാമ്പത്തിക മേഖലയിലെ തൊഴിൽ ചൂഷണം

ശ്രീ. എം. സ്വരാജ്: കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് മിനിമം

കൂലിയും മറ്റാനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിലാളി സംഘടനകളെയും സ്ഥലം എം.എൽ.എ.-യേയും ഉൾപ്പെടുത്തി അടിയന്തര യോഗം വിളിച്ച് വിശദമായി റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(10) മലബാർ മേഖലയിലെ പാൽ വിപണനം

ശ്രീ. കെ. വി. വിജയദാസ്: മിൽമ മലബാർ മേഖലാ യൂണിയനിൽ അധികം വരുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകൾ ഏറ്റെടുത്ത് ആഭ്യന്തര വിപണനം ഉറപ്പാക്കാൻ സർക്കാർ ഇടപെടണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മലബാർ മേഖലാ യൂണിയൻ വിതരണം ചെയ്യേണ്ടതിനേക്കാൾ കൂടുതലായി സംഭരിക്കുന്ന പാൽ എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകൾ ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണനാർഹമായതിനാൽ പ്രസ്തുത യൂണിയനുകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2018 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിരണ്ട് മുതൽ അറുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപതും ഇരുപത്തിയൊന്നും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

3. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

4. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

5. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സ്വർണ്ണവ്യാപാരികൾ ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ട വിഹിതം കുറച്ചും ടേണോവർ പരിധി വർദ്ധിപ്പിച്ചും ആഭരണത്തൊഴിലാളികളെ വഞ്ചിക്കുന്ന

സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വർണ്ണപ്പണി കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്കുകൂടി പ്രയോജനപ്രദമായ നിലയിൽ ക്ഷേമനിധി പരിഷ്കരിക്കുന്നതിനും യന്ത്രവൽക്കരണം കാരണം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും തയ്യാറാകണം.

ശ്രീ. അബ്ദുൽ ഹമീദ്. പി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആഭരണ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വൻകിട സ്വർണ്ണ വ്യാപാരികളിൽനിന്നും കൃത്യസമയത്ത് സെസ് ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം. സെസ് കുടിശ്ശിക വരുന്നതിനാൽ ക്ഷേമനിധിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. നിലവിലുള്ള നിയമപ്രകാരം 10 ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള വ്യാപാരികളെ സെസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നത് വൻകിട തൊഴിലാളികളെ സഹായിക്കുന്നതും ആഭരണത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതുമാണ്.

ശ്രീ. വി. കെ. പ്രശാന്തിനുവേണ്ടി ശ്രീ. കെ. ഡി. പ്രസേനൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഉടമകൾക്കും തൊഴിലാളികൾക്കും ഒരുപോലെ ആശ്വാസം നൽകുന്ന രീതിയിൽ 20 ലക്ഷം രൂപയിലധികമുള്ള തുകയ്ക്ക് സെസ് ചുമത്തിയതും ആഭരണത്തൊഴിലാളികളെ ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയതും സ്വാഗതാർഹമാണ്. ആഭരണത്തൊഴിലാളികള സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരമൊരു ഭേദഗതി കൊണ്ടുവന്ന സർക്കാർ നടപടി അഭിനന്ദനാർഹമാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ആഭരണത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ടിൽ ഓരോ വ്യാപാരിയും ഒരു വർഷത്തെ ആഭരണ വിറ്റുവരവിന്റെ 0.25 ശതമാനം തുക സെസ് അടയ്ക്കണമെന്ന വ്യവസ്ഥ ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ തൊഴിലുടമ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് സെസ്

നിരക്ക് 0.1 ശതമാനമായി കുറയ്ക്കണമെന്ന നിർദ്ദേശം പരിഗണിച്ചിട്ടുള്ളത്. സെസ് പിരിവുമായി ബന്ധപ്പെട്ട കേസ്സുകൾ നിലനിൽക്കുന്നതിനാൽ തൊഴിലാളികൾക്ക് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ആഭരണ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനും ക്ഷേമനിധി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ആഭരണ തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

173, 175, 178, 180, 181, 182, 184, 185, 193, 199, 200, 201 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

185. ഖണ്ഡം 2-ൽ "വ്യാപാരി" എന്ന വാക്കിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 3-ാം വകുപ്പ്

208, 209, 210, 216, 232, 233, 235, 236, 237, 246, 257, 259 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

260, 261, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

106, 107, 111, 117, 119, 120, 121, 123, 125, 126, 127, 128, 132, 133, 135, 140, 150, 152, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി അംഗീകരിച്ചു.

123. തത്വ പ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയുംപ്രകാരം" എന്നതിനു പകരം "താഴെപ്പറയും പ്രകാരം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ii) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

## VIII ക്രമപ്രശ്നം

ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: ബില്ലിന്റെ 3-ാം വകുപ്പിൽ വർഗ്ഗീയലഹള എന്ന പദം ഹർത്താൽ, പ്രകടനം, മാർച്ച്, ഘോഷയാത്ര, ഗതാഗതം തടയൽ എന്നീ വാക്കുകൾക്ക് സമാനസ്വഭാവമുള്ള പദമായി ഉപയോഗിച്ചിരിക്കുന്നതിനാൽ വർഗ്ഗീയലഹളയിൽ പങ്കെടുക്കുന്നതിന് നിരോധനമില്ലെന്നും അതിൽ നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനാണ് നിരോധനമെന്ന് ധ്വനിപ്പിക്കുന്നത് എന്നുമാണ് പറഞ്ഞിരിക്കുന്നത്. നിയമനിർമ്മാണത്തിൽ പുലർത്തേണ്ട സൂക്ഷ്മത കാണിക്കാതെ അവതരിപ്പിച്ചിരിക്കുന്ന ബിൽ ക്രമപ്രകാരമല്ല.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഏതൊക്കെ കുറ്റങ്ങൾ ആരൊക്കെ ചെയ്താലാണ് ഡാമേജിംഗ് ആക്ടിൽ വരുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്.

വർഗ്ഗീയലഹള നടത്തുന്നവരും പ്രകടനം നടത്തുന്നവരും സമാന സ്വഭാവമുള്ളവരാണെന്ന് പറഞ്ഞിട്ടില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഈ വിഷയം ചട്ടം 303-ന്റെ പരിധിയിൽ വരുന്നതല്ല. ഇക്കാര്യം ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണനയിൽ ഭേദഗതി മൂവ് ചെയ്ത് സംസാരിക്കാവുന്നതും ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതുമാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജനാധിപത്യപരമായി സമരം ചെയ്യാനും സംഘടിക്കാനുമുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടുതന്നെ സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയാനുള്ള സുപ്രധാനമായ നിയമമാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നത്. കലാപങ്ങൾ കുറയ്ക്കാൻ ഈ ബില്ലിലൂടെ സാധിക്കുന്നതാണ്. സമൂഹത്തെ അരാജകത്വത്തിലേയ്ക്ക് നയിക്കുന്ന ഹർത്താലുകൾ അംഗീകരിക്കാൻ കഴിയില്ല. സ്വകാര്യ സ്വത്ത് നശിപ്പിക്കലുമായി ബന്ധപ്പെട്ട് ഈ സർക്കാർ നിരവധി

കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികളെ പിടികൂടുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയിൽ ചരിത്രത്തിലാദ്യമായി 177 വനിതാ എസ്.ഐ.മാരെ നിയമച്ച നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. റോജി എം. ജോൺ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഹർത്താലുകളിലും അക്രമങ്ങളിലും സ്വകാര്യ സ്വത്ത് നശിപ്പിക്കപ്പെടുന്നത് ആശങ്കാജനകമാണ്. നശിപ്പിക്കപ്പെട്ട മുതലിന് തുല്യമായ തുക കെട്ടിവച്ചാൽ മാത്രമേ ജാമ്യം നൽകുകയുള്ളൂവെന്ന വ്യവസ്ഥ കൊണ്ടുവരികയും നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറ്റകൃത്യങ്ങൾ ബെയ്‌ലബിൾ, നോൺ-ബെയ്‌ലബിൾ എന്ന് തരംതിരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും വേണം. ഈ നിയമം ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകളെടുക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പൗരന്റെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്ന ഭരണഘടനാ ബാധ്യത നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. നാശനഷ്ടത്തിന്റെ തോത് കണക്കാക്കാതെ കുറ്റകൃത്യം കണക്കിലെടുത്ത് നോൺ-ബെയിലബിൾ കോഗ്നിസിബിൾ ഒഫൻസ് എന്ന നിലയിൽ സമഗ്രമായ ഒരു നിയമനിർമ്മാണമാണുദ്ദേശിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

212, 218, 228, 232, 247, 253, 260, 264, 270, 271, 278, 280 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

287, 290, 306, 307, 308 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

312, 313, 314, 315, 316, 321 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

337, 346, 347, 349, 352, 354, 356 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

'അഞ്ച്' എന്ന വാക്കിന് പകരം 'ഒരു' എന്ന വാക്ക് ചേർക്കേണ്ടതാണ്.

357 (ii, iii), 362, 363, 372, 375, 376, 378, 379, 380 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

381. ഖണ്ഡം 7-ൽ "കീഴിൽ ഉള്ള" എന്നീ വാക്കുകൾക്ക് പകരം "കീഴിലുള്ള" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

"അവസരം" എന്ന വാക്കിന് പകരം "അവസരവും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

386, 387, 388, 392, 393, 401 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

"വ്യവസ്ഥകൾ പ്രകാരമോ ഭൂമിയിന്മേലുള്ള" എന്ന വാക്കുകൾക്ക് പകരം "വ്യവസ്ഥകൾ പ്രകാരം ഭൂമിയിന്മേലുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

411, 412, 414, 415, 417, 418, 422, 424, 432, 433, 434, 436, 447 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

മാർജിനൽ ശീർഷകത്തിൽ "ഒഴിവാക്കൽ" എന്ന വാക്കിനുമുമ്പ് "മറ്റ് നിയമങ്ങളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

455, 456 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

460, 461, 464, 465, 466 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

468, 470 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

110, 120, 121, 124, 125, 131, 135, 136, 140, 146, 148, 149, 156, 171, 174, 175, 184, 192, 199, 202, 205 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 136-ാം നമ്പർ ഭേദഗതിയുടെ ii-ാം ഭാഗം സ്വീകരിച്ചു.

136. പീഠികയിൽ
ii) "പ്രവൃത്തികൾമൂലം" എന്നതിന് പകരം "പ്രവൃത്തികൾ മൂലം " എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച 136-ാം നമ്പർ ഭേദഗതിയുടെ ii-ാം ഭാഗം സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ): 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

### (iii) 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എം. കെ. മുനീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ലഘുശിക്ഷാ നടപടിക്ക് വിധേയരാകുന്ന ഉദ്യോഗസ്ഥർപോലും ബില്ലിലെ ഭേദഗതിമൂലം സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെടുന്നതിനും പ്രൊമോഷൻ തടയപ്പെടുന്നതിനുമുള്ള അവസ്ഥയുണ്ടാകും. നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷാനടപടികൾ ബില്ലിൽ ഉൾപ്പെടുത്തണം. പോലീസ് സേനയുടെ ആത്മവീര്യം നഷ്ടപ്പെടാത്ത രീതിയിൽ പോലീസ് ആക്ട് ഭേദഗതി ചെയ്യണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിൽ 101-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് ഒഴിവാക്കിക്കൊണ്ടുള്ള ഭേദഗതി വഴി കൂടുതൽ അധികാരം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന കാര്യം പരിശോധിക്കണം. ചെറിയ ശിക്ഷാ നടപടിക്ക് വിധേയരാകുന്ന പോലീസുദ്യോഗസ്ഥരെ ക്രിമിനലായി ചിത്രീകരിക്കുന്നത് ഒഴിവാക്കണം. പോലീസുദ്യോഗസ്ഥർക്ക് മാനസിക പിരിമുറുക്കമില്ലാതെ ജോലി ചെയ്യാനുള്ള സാഹചര്യമുണ്ടാകണം. പോലീസിലുള്ള ക്രിമിനലുകളെ കണ്ടെത്തി കർശന നടപടി സ്വീകരിക്കണം. ജയിൽ സുരക്ഷ ശക്തമാക്കണം.

<u>ശ്രീ. പി. ഉണ്ണി:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മേജർ പെനാൽറ്റി ചുമത്തപ്പെടുന്ന ഉദ്യോഗസ്ഥർ പ്രൊമോഷൻ കരസ്ഥമാക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനാണ് ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. നിയമപാലകരായ പോലീസുദ്യോഗസ്ഥർ

കുറ്റവാളികളായാൽ അവർക്ക് കടുത്ത ശിക്ഷ നൽകണം. ക്രിമിനൽ നടപടികളിലേർപ്പെടുന്ന പോലീസുദ്യോഗസ്ഥരെ സേനയിൽനിന്നും പുറത്താക്കുന്നതിനായി കൊണ്ടുവന്ന ഭേദഗതിയെ സ്വാഗതം ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോലീസ് ആക്ടിൽ സെക്ഷൻ 101 (6) വ്യവസ്ഥപ്രകാരം സഞ്ചിതഫലത്തോടെയും സഞ്ചിത ഫലത്തോടെയല്ലാതെയും ഇൻക്രിമെന്റ് തടയൽ ശിക്ഷ ചുമത്തപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് പ്രൊമോഷൻ ലഭിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. കേരള സ്റ്റേറ്റ് സർവ്വീസ് സബോർഡിനേറ്റ് റൂൾ പ്രകാരമുള്ള സർക്കാർ ജീവനക്കാരുടെ പ്രൊമോഷൻ വ്യവസ്ഥ പോലീസുദ്യോഗസ്ഥർക്കും ബാധകമാക്കുകയാണ് ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. കേരള പോലീസ് ഡിപ്പാർട്ടുമെന്റൽ എൻക്വയറീസ് പണിഷ്മെന്റ് & അപ്പീൽ ചട്ടങ്ങളനുസരിച്ചാണ് അച്ചടക്ക നടപടിയും ശിക്ഷ ചുമത്തലും ബാധകമായിട്ടുള്ളത്. പോലീസിൽ നവീകരണം നടത്തി ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വർഗ്ഗീയ/തീവ്രവാദ സംഘടനകൾ പോലീസിൽ സ്വാധീനം ചെലുത്താൻ ശ്രമിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. പോലീസുദ്യോഗസ്ഥരുടെ മാനസിക സംഘർഷം

കുറയ്ക്കുന്നതിനുതകുന്ന പരിപാടികൾ സംഘടിപ്പിക്കുകയും പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ജയിലുകളിലെ ഫോണുപയോഗം തടയുന്നതിനും പുറത്തുനിന്നും ഭക്ഷണപദാർത്ഥങ്ങൾ ജയിൽ വളപ്പിൽ എത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

191, 192, 194, 197, 199 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

219, 222 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

105, 111, 117, 124, 130, 131, 132, 134, 135, 137, 144, 153, 158, 169, 170, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മേലുദ്യോഗസ്ഥർക്ക് വിപുലമായ അധികാരം നൽകുക വഴി നിസ്സാരകുറ്റത്തിനുപോലും പോലീസുകാരെ ശിക്ഷിക്കുന്ന സ്ഥിതി പോലീസുകാരുടെ മാനസിക സംഘർഷം കൂട്ടുന്നതിനും അർഹതപ്പെട്ട പ്രൊമോഷൻ നിഷേധിക്കുന്നതിനും കാരണമാകും. ബിൽ പാസ്സാകുന്നതോടെ പോലീസ് സേനയിലുണ്ടാകുന്ന അസംതൃപ്തി സർക്കാർ ഗൗരവത്തോടെ കാണണം.

2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 25-നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX റൂളിംഗ്

വകുപ്പ് റീ-ഓപ്പൺ ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 13-11-2019-ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പ്രവാസി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ വകുപ്പു തിരിച്ചുള്ള പരിഗണനാവേളയിൽ മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി കഴിഞ്ഞതിനുശേഷം ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനമാനിച്ച് സഭയുടെ അനുമതിയോടെ മൂന്നാം വകുപ്പ് റീ ഓപ്പൺ ചെയ്ത് ഭേദഗതി വരുത്തിയ

നടപടി ക്രമപ്രകാരമല്ലെന്നും അപ്രകാരം ചെയ്യുന്നതിന് ചട്ടം അനുവദിക്കുന്നില്ലെന്നും ചില അംഗങ്ങൾ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. സഭ ചർച്ച ചെയ്ത് ബില്ലിന്റെ ഭാഗമാക്കി കഴിഞ്ഞ വകുപ്പ് ബന്ധപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥനപ്രകാരം സഭയുടെ അനുമതിയോടെ റീ-ഓപ്പൺ ചെയ്യാനും വീണ്ടും ഭേദഗതി വരുത്താനും സഭയ്ക്ക് അവകാശമുണ്ടെന്നും കീഴ്വഴക്കങ്ങൾ പരിശോധിച്ച് വിശദാംശം സഭയെ അറിയിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സഭയുടെ കീഴ്വഴക്കങ്ങൾ വിശദമായി ചെയർ പരിശോധിക്കുകയുണ്ടായി.

പത്താം കേരള നിയമസഭയിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണനാവേളയിൽ സഭ ചർച്ച ചെയ്ത് ബില്ലിന്റെ ഭാഗമാക്കിയ 4-ാം വകുപ്പ് വകുപ്പുമന്ത്രിയുടെ അഭ്യർത്ഥനമാനിച്ച് സഭയുടെ അനുമതിയോടെ റീ-ഓപ്പൺ ചെയ്യുകയും വീണ്ടും ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

രണ്ടാം കേരള നിയമസഭയിലും എട്ടാം കേരള നിയമസഭയിലും പതിനൊന്നാം കേരള നിയമസഭയിലും ഇതേ രീതിയിൽ വകുപ്പുകൾ റീ-ഓപ്പൺ ചെയ്ത് ഭേദഗതികൾ അംഗീകരിച്ച കീഴ്വഴക്കമുണ്ടായിട്ടുണ്ട്. ഇവ കേരള

നിയമസഭയുടെ നടപടിക്രമവും കീഴ്വഴക്കങ്ങളും എന്ന ഔദ്യോഗിക റഫറൻസ് ഗ്രന്ഥത്തിലെ നിയമനിർമ്മാണം എന്ന പതിനാറാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

## X അറിയിപ്പ്

സഭാ ടി.വി. ലോഗോ പ്രകാശനം

മി. സ്പീക്കർ: സഭാ ടിവിയുടേയും നിയമസഭാ നടപടിക്രമങ്ങളുടെ ഓൺലൈൻ/ലൈവ് സ്ട്രീമിംഗിന്റെയും ലോഗോ/തീം മ്യൂസിക് പ്രകാശന ചടങ്ങിൽ പങ്കെടുക്കുന്നതിനായി ബഹുമാനപ്പെട്ട അംഗങ്ങൾ 3.45-ന് തന്നെ ബാങ്ക്വറ്റ് ഹാളിൽ എത്തിച്ചേരേണ്ടതാണ്.

സഭ വൈകുന്നേരം 3.19-ന് പിരിഞ്ഞു.

*********